بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 04.05.18 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***04.05.18 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## ശുഹദാക്കളുടെ നേതാവ് ഹദ്റത്ത് ഹംസ(റ)

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയതിനു ശേഷം സയ്യിദുനാ അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാ പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിക്കൽ പറഞ്ഞു: നബിതിരുമേനി(സ)യുടെ ആഗമനകാലത്ത് അറബ് സമൂഹത്തിന്റെ സംസ്കാരത്തിന്റെയും ധാർമികതയുടെയും ആദ്ധ്യാത്മികതയുടെയും അവസ്ഥയെന്തായിരുന്നു? വീടുകൾ കലാപകലുശിതം. മദ്യപാനം, വ്യഭിചാരം, കൊള്ള തുടങ്ങിയ എല്ലാ തിന്മകളും അവരിലുണ്ടായിരുന്നു. ദൈവവുമായോ ധാർമകതയുമായോ ഒരു ബന്ധവും അവർക്കുണ്ടായിരുന്നില്ല. ഫിർഔൻ ആയി ഞെളിഞ്ഞു നടക്കുകയായിരുന്നു ഓരോരുത്തനും. എന്നാൽ നബിതിരുമേനി(സ)യുടെ ആഗമനത്തോടെ അവർ ഇസ്‌ലാമിൽ പ്രവേശിച്ചപ്പോൾ ദൈവമാർഗത്തിൽ മരണം വരിക്കാൻ അവർ സന്നദ്ധരായി. അത്രമാത്രം ദൈസ്നേഹവും ഐക്യത്തിന്റെ ആത്മാവുമായിരുന്നു അവരിലുണ്ടായിരുന്നത്. ബൈഅത്തിന്റെ പൊരുളെന്തെന്ന് തങ്ങളുടെ കർമ മാതൃകയിലൂടെ അവർ കാണിച്ചു തന്നു.

അവിടുന്ന് പറയുന്നു: ആത്മാർഥതയുടെ എത്രമാത്രം ഉന്നതമായ മാതൃകയാണ് നബിതിരുമേനി(സ)യുടെ സ്വഹാബികൾ കാണിച്ചത്. അതു പോലുള്ളത് മുമ്പുണ്ടായിരുന്നില്ല; ശേഷം കാണപ്പെടുന്നുമില്ല.

അവിടുന്നു പറയുന്നു: എന്നാൽ അല്ലാഹു ഉദ്ദേശിക്കുന്നതായാൽ അതുപോലെ അവന് വീണ്ടും ചെയ്യാൻ സാധിക്കുന്നതാണ്. ഈ മാതൃകകൾ മറ്റുള്ളവർക്ക് ഗുണപ്രദമാണ്.

അവിടുന്ന് തന്റെ ജമാഅത്തിനെസ്സംബന്ധിച്ച് പറയുന്നു: അത്തരത്തിലുള്ള മാതൃക ഉണ്ടാക്കാൻ അല്ലാഹുവിനു കഴിയുന്നതാണ്. എത്ര മഹത്തരമായിട്ടാണ് അല്ലാഹു സ്വഹാബാക്കളെ പ്രകീർത്തിച്ചിട്ടുള്ളത്. അവൻ പറയുന്നു: *മിനൽ മുഅ്മിനീന രിജാലുൻ സ്വദഖൂ മാ ആഅഹദുല്ലാഹ അലൈഹി ഫമിൻഹും മൻ ഖളാ നഹ്ബഹു വ മിൻഹും മൻ യൻതളിർ.*

അതായത്, അല്ലാഹുവിനോടു ചെയ്ത വാഗ്ദാനം പൂർത്തിയാക്കിയ പുരുഷന്മാരും വിശ്വാസികളിലുണ്ട്. അവരിൽ ചിലർ തങ്ങളുടെ ജീവൻ നല്കിയവരാണ്; ചിലർ ജീവൻ നല്കാൻ തയ്യാറായി കാത്തിരിക്കുന്നു.

പറയുന്നു: സ്വഹാബാക്കളെ പ്രശംസിച്ചു കൊണ്ടുള്ള ഖുർആനിക വചനങ്ങൾ ഒരു കൂട്ടുന്ന പക്ഷം അതിനേക്കാൾ ഉദാത്തമായ മറ്റൊരു മാതൃകയില്ല. നന്മകളുടെ, ത്യാഗങ്ങളുടെ ഈ മാതൃകകൾ നമുക്ക് ഉത്തമ മാതൃകകളാണ്.

ഹുസൂർ തിരുമനസ്സ് പറയുന്നു: സഹാബാക്കളുടെ സംഭവങ്ങളായിരുന്നു ഞാൻ വിവരിച്ചു കൊണ്ടിരുന്നത്. അവരിൽ ബദറിലെ സഹാബാക്കളും ഏതാനും ചില മറ്റു സഹാബാക്കളും ഉണ്ടായിരുന്നു. എന്നാൽ ബദർ യുദ്ധത്തിൽ പങ്കെടുത്ത സഹാബാക്കൾക്ക് സവിശേഷ സ്ഥാനം ഉള്ളതിനാൽ ആദ്യം അവരെക്കുറിച്ച് പറയാം എന്ന ചിന്ത എനിക്കുണ്ടായി. അല്ലാഹു തൃപ്തിപ്പെട്ട ആളുകളാണിവർ. അല്ലാഹുവിന്റെ പ്രത്യേക തൃപ്തി കരസ്ഥമാക്കിയവരാണവർ.

ഹുസൂർ പറയുന്നു: ഇന്നു ഞാൻ ഹദ്റത്ത് ഹംസ ബ്നു അബ്ദുൽ മുത്തലിബിനെക്കുറിച്ച് പറയുന്നതാണ്. ശുഹദാക്കളുടെ നേതാവ് എന്ന സ്ഥാനപ്പേരിൽ പ്രസിദ്ധനാണദ്ദേഹം. അതുപോലെ അല്ലാഹുവിന്റെയും റസൂലിന്റെയം സിംഹം എന്ന മറ്റൊരു സ്ഥാനപ്പേരും അദ്ദേഹത്തിനുണ്ട്. അദ്ദേഹം ഖുറൈശികളുടെ നേതാവായിരുന്ന ഹദ്റത്ത് അബ്ദുൽ മുത്തലിബിന്റെ മകനും നബിതിരുമേനി(സ)യുടെ പിതൃവ്യനുമായിരുന്നു. ഹദ്റത്ത് ഹംസയുടെ മാതാവിന്റെ പേര് ഹാല എന്നായിരുന്നു. നബിതിരുമേനി(സ)യുടെ മാതാവ് ഹദ്റത്ത് ആമിനയുടെ പിതൃവ്യസഹോദര പുത്രിയാണ്. ഹദ്റത്ത് ഹംസയ്ക്ക് നബിതിരുമേനിയെക്കാൾ 2 വയസ്സ് പ്രായക്കൂടുതലുണ്ട്. നാലു വയസ്സ് പ്രായക്കൂടുതലുണ്ടെന്നാണ് മറ്റൊരു നിവേദനം. നബിതിരുമേനി(സ)യുടെ മുലകുടി ബന്ധത്തിലുള്ള സഹോദരൻ കൂടിയായിരുന്നു ഹദ്റത്ത് ഹംസ. ശുഐബ എന്ന ദാസി രണ്ടു പേരെയും മുലയൂട്ടിയിരുന്നു. നുബുവ്വത്ത് കാലഘട്ടത്തിലെ ആറാം വർഷം ദാറെ അർഖമിലെ കാലഘട്ടത്തിലാണ് ഹദ്റത്ത് ഹംസക്ക് ഇസ്‌ലാം സ്വീകരിക്കാനുള്ള തൗഫീഖ് ലഭിച്ചത്. ഹദ്റത്ത് ഹംസ ഇസ്‌ലാം സ്വീകരിച്ച സംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്റെ സ്വതസിദ്ധമായ ശൈലിയിൽ വിവരിച്ചിട്ടുണ്ട്. അതിന്റെ ചുരുക്കം ഞാൻ പറയാം. ഒരിക്കൽ നബിതിരുമേനി(സ) സഫാ മർവാ കുന്നുകൾക്കിടയിലെ പാറമേൽ ഇരിക്കുകയായിരുന്നു. ദൈവത്തിന്റെ ഏകത്വം എങ്ങനെ സ്ഥാപിക്കാമെന്ന ആലോചനയിലായിരുന്നു തിരുമേനി. അന്നേരം അബൂജഹൽ അവിടെയെത്തി. അയാൾ തിരുമേനിയെ വളരെ മ്ലേഛമായ രീതിയിൽ തെറി പറയാൻ തുടങ്ങി. ആ തെറികളൊക്കെയും തിരുമേനി സഹനത്തോടെ കേട്ടു കൊണ്ടിരുന്നു. ഒരു വാക്കു പോലും അവിടുന്ന് ഉരിയാടിയില്ല. അബൂജഹൽ തൃപ്തി വരുന്നതു വരെ തെറി പറഞ്ഞു കഴിഞ്ഞതിനു ശേഷം ആ നീചൻ മുന്നോട്ടു വന്ന് തിരുമേനിയുടെ മുഖത്തടിച്ചു. തിരുമേനി പക്ഷേ അയാളെ ഒന്നും പറഞ്ഞില്ല. തിരുമേനിയുടെ മുന്നിൽ തന്നെയായിരുന്നു ഹദ്റത്ത് ഹംസയുടെ വീട്. അമ്പും വില്ലുമെടുത്ത് ദിവസവും വേട്ടയ്ക്കു പോവുക എന്നത് അദ്ദേഹ

ത്തിന്റെ ശീലമായിരുന്നു. വേട്ട കഴിഞ്ഞ് വൈകുന്നേരമാണ് തിരിച്ചെത്താറ്. അബൂജഹൽ ഇങ്ങനെ ചെയ്തു കൊണ്ടിരിക്കുമ്പോൾ ഹദ്റത്ത് ഹംസയുടെ ദാസി വാതിൽക്കൽ നിന്നു കൊണ്ട് ഈ കാഴ്ച കണ്ടുകൊണ്ടിരിക്കുകയായിരുന്നു. അവർക്കാണെങ്കിൽ ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. അതു കണ്ടുകൊണ്ടിരിക്കുമ്പോൾ അവരുടെ ഉള്ളു നീറിപ്പുകയുകയായിരുന്നു. വേട്ട കഴിഞ്ഞ് വൈകുന്നേരം ഹദ്റത്ത് ഹംസ വീട്ടിലെത്തിയപ്പോൾ ദാസി അദ്ദേഹത്തോട് പറഞ്ഞു:

നിങ്ങൾക്കു ലജ്ജ തോന്നുന്നില്ലേ? വലിയ ചങ്കൂറ്റമുള്ളവനായി ഞെളിഞ്ഞു നടക്കുന്നു.

കാര്യമെന്താണ്? ഹദ്റത്ത് ഹംസ തിരക്കി.

"കാര്യമോ? നിങ്ങളുടെ സഹോദര പുത്രൻ മുഹമ്മദ്(സ) ഇവിടെ ഇരിക്കുകയായിരുന്നു. അപ്പോൾ അബൂജഹൽ വന്ന് അദ്ദേഹത്തെ അധിക്ഷേപിച്ചു, കണക്കില്ലാതെ തെറി പറഞ്ഞു, അദ്ദേഹത്തിന്റെ മുഖത്തടിക്കുകയും ചെയ്തു. എന്നാൽ മുഹമ്മദ്(സ) ഒരക്ഷരം പറയാതെ മിണ്ടാതെ കേട്ടു കൊണ്ടിരുന്നു." ദാസി പറഞ്ഞു.

ദാസിയിൽ നിന്നും ഈ സംഭവം കേട്ടപ്പോൾ ഹദ്റത്ത് ഹംസയുടെ കണ്ണുകളിൽ കോപാഗ്നി ആളിക്കത്തി. കുടുംബപരമായ അഭിമാനം രോഷം പൂണ്ടു. അപ്പോൾ തന്നെ വിശ്രമിക്കാനൊന്നും നില്ക്കാതെ കോപത്തോടെ കഅ്ബയിലേക്കു പുറപ്പെട്ടു. ആദ്യം അദ്ദേഹം കഅ്ബയെ പ്രദക്ഷിണം ചെയ്യുകയും ശേഷം അബൂജഹൽ താൻ ഇന്ന് മുഹമ്മദി(സ)നെ കണ്ടപ്പോൾ തെറിപറഞ്ഞതും തല്ലിയതുമെല്ലാം അഹങ്കാരത്തോടെ പറഞ്ഞു രസിച്ചു കൊണ്ടിരിക്കുന്ന സദസ്സിലേക്ക് കയറി ചെല്ലുകയും ചെയ്തു. സദസ്സിലെത്തിയ ഉടനെ ഹദ്റത്ത് ഹംസ തന്റെ വില്ലു കൊണ്ട് അബൂജഹലിന്റെ തലയിൽ ഊക്കോടെ അടിച്ചു. എന്നിട്ട് പറഞ്ഞു:

" മുഹമ്മദിനെ അധിക്ഷേപിച്ച സംഭവം ജനങ്ങളെ കേൾപ്പിച്ചു കൊണ്ട് വലിയ വീരകൃത്യമാണ് ചെയ്തതെന്ന് നീ വാദിക്കുന്നു. ഇപ്പോൾ ഞാൻ നിന്നെ അധിക്ഷേപിക്കുകയാണ്. തന്റേടമുണ്ടെങ്കിൽ എന്റെ മുൻപിൽ സംസാരിക്ക്."

അന്ന് മക്കയിൽ അബൂജഹലിന് ധീരനായ ഭരണകർത്താവിന്റെ സ്ഥാനമാണുണ്ടായിരുന്നത്. സമൂഹത്തിലെ നേതാവായിരുന്നു അയാൾ. ഈ സംഭവം കണ്ട അബൂജഹലിന്റെ കൂട്ടുകാർ ഹദ്റത്ത് ഹംസയെ തല്ലാനായി കോപാവേശത്തോടെ എഴുന്നേറ്റു. എന്നാൽ അബുജഹലിന്റെ തെറിവാക്കുകൾ നബിതിരുമേനി(സ) മിണ്ടാതെ സഹിച്ച് കേട്ടിരുന്നതും, ഹദ്റത്ത് ഹംസയുടെ ധീരതയോടും തന്റേടത്തോടും കൂടിയ പെരുമാറ്റവും കാരണത്താൽ ഭയന്നു പോയ അബൂജഹൽ ഇടപെട്ടുകൊണ്ട് ആക്രമിക്കുന്നതി നിന്ന് ജനങ്ങളെ തടഞ്ഞു. എന്നിട്ട് പറഞ്ഞു: "നിങ്ങൾ അത് വിട്ടേക്ക്, വാസ്തവത്തിൽ ഞാനാണ് മുഹമ്മദിനോട് അതിക്രമം ചെയ്തത്. ഹംസയുടെ ഭാഗത്താണ് ശരി."

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്റേതായ പറയുന്നു: സഫാ മർവായുടെ കുന്നുകളിലൂടെ തിരുമേനി തിരിച്ച് വീട്ടിലേക്കു വരുമ്പോൾ, പോരടിക്കുകയല്ല എന്റെ ജോലി; ചീത്തവിളികളെ ക്ഷമയോടെ സഹിക്കലാണ് എന്ന് മനസ്സിൽ പറയുകയായിരുന്നപ്പോൾ 'അല്ലയോ മുഹമ്മദ് നീ പോരിന് സന്നദ്ധനല്ലായിരിക്കാം; എന്നാൽ നിന്റെ ശത്രുക്കളെ നേരിടാൻ നിന്റെ സ്ഥാനത്ത് നാം ഇല്ലേ? എന്ന് അല്ലാഹു അർശിലിരുന്നു കൊണ്ടു പറയുകയായിരുന്നു. അങ്ങനെ അല്ലാഹു അന്നേ ദിവസം തന്നെ അബൂ ജഹലിനെ നേരിടാൻ ഒരു ത്യാഗധനനെ ആ പുണ്യാത്മാവിനു നല്കി. അബൂജഹലിനെ വില്ലുകൊണ്ടടിച്ച അതേ സദസ്സിൽ വെച്ചു കൊണ്ട് ഹദ്റത്ത് ഹംസ തന്റെ വിശ്വാസം വിളംബരപ്പെടുത്തയായിരുന്നു. അബൂജഹലിനെ അഭിസംബോധന ചെയ്തു കൊണ്ട് അദ്ദേഹം ഇപ്രകാരം പറഞ്ഞു: "ഞാൻ ദൈവദൂതനാകുന്നു; എന്നിൽ മലക്കുകളിറങ്ങുന്നു എന്ന് മുഹമ്മദ്(സ) പറഞ്ഞതു കൊണ്ടു മാത്രമാണ് നീ അദ്ദേഹത്തെ തെറിവിളിച്ചത്. കാതു തുറന്ന് കേട്ടു കൊള്ളുക, ഇന്നു മുതൽ ഞാൻ മുഹമ്മദി(സ) മതത്തിലാണ് നിലകൊള്ളുന്നത്. മുഹമ്മദ്(സ) പറയുന്നതു തന്നെയാണ് ഞാനും പറയുന്നത്. നീ ഉശിരുള്ളവനാണെങ്കിൽ എന്നെ എതിരിടാൻ വാ."

ഇങ്ങനെ പറഞ്ഞു കൊണ്ട് ഹംസ മുസ്‌ലിം ആയി. ഹംസ മുസ്‌ലിമായതിനു ശേഷം മക്കയിലെ മുസ്‌ലിംകളുടെ വിശ്വാസത്തിന് കൂടുതൽ ദൃഢത കൈവന്നുവെന്ന് നിവേദനങ്ങളിലുണ്ട്. മറ്റു മുസ്‌ലിംകളോടൊപ്പം ഹദ്റത്ത് ഹംസയും മദീനയിലേക്ക് ഹിജ്റത്ത് ചെയ്തു.

മദീനയിലേക്ക് ഹിജ്റത്ത് ചെയ്തതിനു ശേഷവും അവിശ്വാസികളുടെ ദ്രോഹപ്രവർത്തനങ്ങൾക്ക് അറുതി വന്നില്ല. അതുകൊണ്ടു തന്നെ മുസ്‌ലിംകൾക്ക് വളരെ കരുതലോടെ പ്രവർത്തിക്കേണ്ടി വന്നിരുന്നു. അവിശ്വാസികളുടെ നീക്കങ്ങളെ ശ്രദ്ധാപൂർവം വീക്ഷിക്കേണ്ടി വന്നു. ഖുറൈശികളുടെ നീക്കങ്ങളും കുടില പ്രവർത്തനങ്ങളും അറിയുന്നതിനു വേണ്ടി നബിതിരുമേനി(സ)ക്ക് ചില സംഘങ്ങളെ നിയോഗിക്കേണ്ട ആവശ്യം വന്നു. ഹദ്റത്ത് ഹംസയ്ക്ക് അത്തരം സന്ദർഭങ്ങളിൽ അതിമഹത്തായ സേവനങ്ങളർപ്പിക്കാൻ തൗഫീഖ് ലഭിച്ചു. റബീഉൽ അവ്വൽ 2 ന് നബിതിരുമേനി(സ) ഹദ്റത്ത് ഹംസയുടെ നേതൃത്വത്തിൽ 30 പേരടങ്ങിയ ഒട്ടക സംഘത്തെ ഒരു പ്രദേശത്തേക്കയച്ചു. ഹംസയും കൂട്ടരും താമസിയാതെ അവിടെ എത്തിയപ്പോൾ അവിടെ കണ്ടത് മക്കയിലെ പ്രധാന നേതാവായ അബൂജഹൽ 300 ഒട്ടക സൈന്യത്തോടു കൂടി അവരെയും കാത്ത് നില്ക്കുന്നതാണ്. എണ്ണത്തിൽ മുസ്‌ലിംകളെക്കാൾ പത്തിരട്ടിയായിരുന്നു അവർ. രണ്ടു കൂട്ടരും പരസ്പരം പോരിനായി നിലയുറപ്പിക്കാൻ തുടങ്ങി. യുദ്ധം തുടങ്ങാൻ പോകുമ്പോഴേക്കും ഇരു പാർട്ടികളുമായി നല്ല ബന്ധത്തിലായിരുന്ന ആ നാട്ടിലെ പ്രമാണിയായ മജ്ദിബ്നു അംറുൽ ജഹ്നി ഇടപെട്ടു കൊണ്ട് യുദ്ധം ഉണ്ടാകുന്നത് ഒഴിവാക്കി.

മദീനയിലേക്ക് ഹിജ്റത്ത് ചെയ്തതിനു ശേഷം മുസ്‌ലിംകളെപ്പോലെ ഹദ്റത്ത് ഹംസയും സാമ്പത്തിക പ്രയാസത്തിലായി. ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു അംറ് വിവരിക്കുന്നു: ആ ദിനങ്ങളിൽ ഒരിക്കൽ ഹദ്റത്ത് ഹംസ നബിതിരുമേനിയുടെ സമക്ഷം ഹാജരായിക്കൊണ്ട് പറഞ്ഞു: "വല്ല സേവനവും എന്നെ ഏല്പിച്ചാലും; എന്റെ നിത്യവൃത്തിക്കുള്ള മാർഗമായിത്തീരുമല്ലൊ."

നബിതിരുമേനി(സ) പറഞ്ഞു: അല്ലയോ ഹംസ! സ്വന്തം ആത്മാഭിമാനം നിലനിർത്താനാണോ കൂടുതൽ ഇഷ്ടപ്പെടുന്നത്, അതല്ല അതിനെ ഇല്ലാതാക്കാനാണമോ?

"ഞാൻ അത് നിലനിർത്താൻ ഇഷ്ടപ്പെടുന്നു." ഹംസ പറഞ്ഞു.

"എങ്കിൽ സ്വന്തം ആത്മാഭിമാനത്തെ സംരക്ഷിക്കുക" തിരുമേനി(സ) അരുളി.

പിന്നീട് അവിടുന്ന് അദ്ദേഹത്തെ ദുആ ചെയ്യാൻ പ്രേരിപ്പിക്കുകയും ചില ദുആകൾ പഠിപ്പിച്ചു കൊടുക്കുകയും ചെയ്തു. ഹദ്റത്ത് ഹംസ ഇപ്രകാരം നിവേദനം ചെയ്യുന്നു: *അല്ലാഹുമ്മ ഇന്നീ അസ്അലുക്ക ബി ഇസ്മിക്കൽ അഅ്സം വരിളുവാനുക്കൽ അക്ബർ*

അതായത് അല്ലാഹുവേ നിന്റെ മഹത്തായ നാമത്തെയും ഉന്നതമായ തൃപ്തിയെയും മുൻനിർത്തി ഞാൻ ചോദിക്കുന്നു.

പിന്നീടങ്ങോട്ട് അദ്ദേഹത്തിന് എപ്പോഴും ഈ ദുആ പ്രയോജനപ്പെട്ടു.

ഹിജ്റ 2 ന് പ്രസിദ്ധമായ ബദർ യുദ്ധം നടന്നു. യുദ്ധാവസരത്തിൽ അവിശ്വാസികളി നിന്ന് വളരെ നീചനും മോശപ്പെട്ടവനുമായ അസ്വദ് ബ്നു അബ്ദുൽ അസദ് മഖ്സൂമി മുന്നോട്ട് വരികയും താൻ നബിതിരുമേനിയുടെ ഹൗളിൽ(നീർക്കുഴിൽ) നിന്ന് വെള്ളം കുടിക്കുകയോ അല്ലെങ്കിൽ അത് നികത്തുകയോ തകർക്കുകയോ ചെയ്യുമെന്ന് സത്യം ചെയ്യുക ചെയ്തു. അതിനും കഴിഞ്ഞില്ലായെങ്കിൽ അതിനടുത്തു വെച്ച് മരിക്കുമെന്നും പ്രതിജ്ഞ ചെയ്തു. അയാൾ അങ്ങനെ ചെയ്യാൻ ഉദ്ദേശിച്ചു കൊണ്ട് മുന്നോട്ടു വന്നു. ഹദ്റത്ത് ഹംസയാണ് അയാളെ നേരിടാൻ വന്നത്. രണ്ടു പേരും നേർക്കുനേർ പോരിനായി നിന്നു. ഹദ്റത്ത് ഹംസ വാളു കൊണ്ട് കാലിനു നോക്കി വെട്ടി. അയാൾ മലർന്നടിച്ചു വീണു. താൻ ചെയ്ത പ്രതിജ്ഞ പൂർത്തിയാക്കാൻ അയാൾ ഹൗളി(നീർക്കുഴി)ലേക്ക് നീങ്ങി. ഹദ്റത്ത് അയാളെ പിന്തുടർന്ന് അടുത്ത വെട്ടിന് കഥകഴിച്ചു.

ഹദ്റത്ത് അലി(റ) ബദർ യുദ്ധത്തെക്കുറിച്ച് വിവരിക്കുന്നു: അവിശ്വാസികൾ എണ്ണത്തിൽ മുസ്‌ലിംകളേക്കാൾ കൂടുതലായിരുന്നു. നബിതിരുമേനി(സ) രാത്രി മുഴുവൻ ദൈവസമക്ഷം പ്രാർഥിച്ചു വിലപിച്ചു കൊണ്ടിരുന്നു.

ഹദ്റത്ത് അലി(റ) വിവരിക്കുന്നു: അത്ബ ബിൻ റബീഅയും അയാളെ തുടർന്ന് മകനും സഹോദരനും മുന്നോട്ടു വന്നു കൊണ്ട് ചോദിച്ചു: ഞങ്ങളോട് മല്ലിടാൻ പോന്നവർ ആരുണ്ട്?

'ഞങ്ങൾ ഞങ്ങളുടെ പിതൃവ്യന്റെ മക്കളുമായി പോര് നടത്താനാണ് ഉദ്ദേശിക്കുന്നത്' അത്ബ പറഞ്ഞു.

അപ്പോൾ നബിതിരുമേനി(സ) അരുളി: ഏ ഹംസ, ഏ അലി, ഏ ഉബൈദ ബ്നു ഹാരിസ്! മുന്നോട്ടു വരുവിൻ.

ഹംസ അത്ബയെ നേരിട്ടു. ഹദ്റത്ത് പറയുന്നു, ഞാൻ ശൈബയെ ലക്ഷ്യമാക്കി ചെന്നു. ഉബൈദയും വലീദും തമ്മിലായിരുന്നു പോര് നടന്നത്. ഹദ്റത്ത് ഹംസയും അലിയും തങ്ങളുടെ എതിരാളികളെ വകവരുത്തി. യുദ്ധത്തിൽ ഹദ്റത്ത് ഹംസയുടെ ധീരതയെക്കുറിച്ചു പറയുമ്പോൾ അവിശ്വാസികളിൽ ഭീതി ജനിപ്പിക്കുന്നതിന് അദ്ദേഹം ഒട്ടകപ്പക്ഷിയുടെ ചിറക് ധരിച്ചിരുന്നു.

ഹദ്റത്ത് അബ്ദു റഹ്മാൻ ബ്നു ഔഫ് നിവേദനം ചെയ്യുന്നു: ഖുറൈശി നേതാക്കളിൽ ഒരാളായിരുന്നു ഉമയ്യ് ബ്നു ഖൽഫ്. മക്കയിൽ വെച്ച് അയാൾ ഹദ്റത്ത് ബിലാലിനെ ഒരുപാട് പീഡിപ്പിച്ചിരുന്നു. ബദർ യുദ്ധത്തിൽ അയാൾ കൊല്ലപ്പെടുകയായിരുന്നു. അയാൾ എന്നോടു ചോദിച്ചു: ഒട്ടകപ്പക്ഷിയുടെ ചിറകുകൾ നെഞ്ചിൽ ധരിച്ചിരിക്കുന്ന ഇയാൾ ആരാണ്?

'അത് ഹംസ ബ്നു അബ്ദുൽ മുത്തലിബാണ്.' ഞാൻ പറഞ്ഞു.

'ഇന്ന് ഏറ്റവുമധികം പ്രയാസം ഉണ്ടാക്കിയത് ഇയാളാണ്' എന്നാണ് ഉമയ്യ പറഞ്ഞത്.

ഹദ്റത്ത് ഹംസയുടെ ബദർ യുദ്ധത്തിലെ സജീവസാന്നിദ്ധ്യത്തെപ്പറ്റി പ്രശസ്ത ചരിത്രകാരൻ വില്യം മ്യൂയർ എഴുതുന്നു: ഒട്ടകപ്പക്ഷികളുടെ ചിറകുകൾ വീശിക്കൊണ്ട് ഹംസ എല്ലായിടത്തും വേറിട്ട് കാണപ്പെട്ടിരുന്നു.

മറ്റുപല നേതാക്കളെയും അദ്ദേഹം യുദ്ധത്തിൽ വധിച്ചിട്ടുണ്ട്. ഉഹ്ദ് യുദ്ധത്തിലും അദ്ദേഹം തന്റെ ധീരതയുടെ മഹനീയ ഗുണങ്ങൾ പ്രകടമാക്കി. അദ്ദേഹത്തിന്റെ ധീരത മക്കയിലെ ഖുറൈശികളുടെ കണ്ണിലെ കരടായി മാറി. ഇതിന്റെ വിശദാംശം ബുഖാരിയിൽ ഇപ്രകാരം രേഖപ്പെട്ടു കിടക്കുന്നു: ഉമൈർ ബ്നു ഇസ് ഹാഖിൽ നിന്ന് നിവേദനം: ഉഹ്ദു യുദ്ധത്തിൽ ഹദ്റത്ത് ഹംസ് ബ്നു അബ്ദുൽ മുത്തലിബ് രണ്ടു വാളുകളുമേന്തി ഞാൻ അല്ലാഹുവിന്റെ സിംഹമാണ് എന്നു പറഞ്ഞു കൊണ്ട് യുദ്ധം ചെയ്യുകയായിരുന്നു. ചിലപ്പോൾ മുന്നോട്ടും ചിലപ്പോൾ പിന്നോട്ടും അങ്ങനെ നീങ്ങിക്കൊണ്ടിരിക്കെ പെട്ടെന്ന് അദ്ദേഹം വഴുതി മലർന്നടിച്ചു വീണു. വഹ്ശി അസ്വദ് അദ്ദേഹത്തെ കണ്ടു. അബൂ ഉസാമ പറഞ്ഞു: അയാൾ അദ്ദേഹത്തെ കുന്തം കൊണ്ട് ആഞ്ഞു കുത്തി കൊലപ്പെടുത്തി. ഹദ്റത്ത് ഹംസ ഹിജ്റയ്ക്കു ശേഷം മുപ്പത്തി രണ്ടാം മാസത്തിൽ ഉഹ്ദ് യുദ്ധത്തിൽ ശഹീദായി. 59 വയസ്സായിരുന്നു പ്രായം.

സീറത്ത് ഇബ്നു ഹിശാം എന്ന ഗ്രന്ഥത്തിൽ പറയുന്നു: നബിതിരുമേനി(സ) ഹദ്റത്ത് ഹംസയുടെ മൃതശരീരത്തിനടുക്കൽ നിന്നു കൊണ്ട് പറഞ്ഞു: അല്ലയോ ഹംസ! നിന്റെ വേർപാടു പോലൊരു ദുരന്തം മറ്റൊന്ന് എനിക്ക് വരാനില്ല. ഇതിനേക്കാൾ വേദനാജനകമായ കാഴ്ച ഞാൻ ഇന്നു വരെ കണ്ടിട്ടില്ല.

ശേഷം അവിടുന്ന് പറഞ്ഞു: ഹംസ ബ്നു അബ്ദുൽ മുത്തലിബ് അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും സിംഹമാണെന്ന് ഏഴ് ആകാശങ്ങളിലും എഴുതപ്പെട്ടിരിക്കുന്നുവെന്ന് ജിബ്രീൽ എന്നെ അറിയിച്ചിരിക്കുന്നു.

ഹദ്റത്ത് സുബൈറി(റ)ൽ നിന്ന് നിവേദനം: ഉഹ്ദ് യുദ്ധത്തിന്റെ അവസാന ദിവസം എന്റെ മാതാവ് ഹദ്റത്ത് സഫിയ തിടുക്കത്തിൽ നടന്നു വരുന്നത് കണ്ടു. ഒരു സ്ത്രീ വന്ന്

ശുഹദാക്കളുടെ മൃതശരീരം കാണുന്നത് നബിതിരുമേനി(സ) ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് ആ സ്ത്രീയെ തടയണമെന്ന് തിരുമേനി നിർദേശിച്ചു. അങ്ങനെ ഞാൻ അവരുടെ അടുക്കലേക്ക് ഓടിച്ചെന്നു. അവർ എന്നെ കണ്ടപ്പോൾ എന്റെ നെഞ്ചത്തടിച്ചു കൊണ്ട് പിന്നോട്ടു തള്ളി. എന്നിട്ട് പറഞ്ഞു: മാറി നില്ക്കൂ, എനിക്കൊന്നും കേൾക്കേണ്ട.

'ഈ മൃതശരീരങ്ങളെ കാണുന്നതിൽ നിന്നും നിങ്ങളെ തടയാൻ നബിതിരുമേനിയാണ് നിർദേശിച്ചത്.' ഞാൻ പറഞ്ഞു.

ഇതുകേട്ടപ്പോൾ അവർ അവിടെ നിന്നു. തന്റെ കൈയിലുണ്ടായിരുന്നു രണ്ടു തുണികൾ നീട്ടിക്കൊണ്ട് പറഞ്ഞു: ഈ രണ്ടു തുണികളും ഞാൻ എന്റെ സഹോദരൻ ഹംസയ്ക്കു വേണ്ടി കൊണ്ടു വന്നതാണ്. അദ്ദേഹം ശഹീദായെന്ന വാർത്ത ഞാൻ കേട്ടിരിക്കുന്നു.

ഇതായിരുന്നു അക്കാലത്തെ അനുസരണം. അതായത്, നബിതിരുമേനിയുടെ നിർദേശമാണ് എന്ന് കേട്ട മാത്രയിൽ ദു:ഖത്തിലും നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥയിലും ആയിട്ടു കൂടി ഉടനെത്തന്നെ തന്റെ വികാരാവേശത്തെ അവർ നിയന്ത്രിച്ചു. നബിതിരുമേനിയുടെ പേരു കേട്ടിടത്തു നിന്ന് അവർ അനങ്ങിയില്ല. ഇതാണ് സമ്പൂർണ അനുസരണം.

ഹദ്റത്ത് ഹംസയെ ഒരു തുണിയിലാണ് കഫൻ ചെയ്തത്. അദ്ദേഹത്തിന്റെ തല മറയ്ക്കുമ്പോൾ കാലുകളിൽ നിന്നും കാലുകൾ മറയ്ക്കുമ്പോൾ മുഖത്തുനിന്നും തുണി നീങ്ങിപ്പോകുമായിരുന്നു. ആ സാഹചര്യത്തിൽ അദ്ദേഹത്തിന്റെ മുഖം മറയ്ക്കാനും കാലുകളിൽ പുല്ലുവെച്ച് മറയ്ക്കാനും നബിതിരുമേനി(സ) നിർദേശിച്ചു. നബിതിരുമേനി(സ) ഹദ്റത്ത് ഹംസയുടെ ജനാസ നമസ്കാരം ശുഹദാക്കളോടൊപ്പം എഴുപത് പ്രാവശ്യം നമസ്കരിച്ചു. ഹദ്റത്ത് ഹംസയുടെ ജനാസയുടെ സാന്നിദ്ധ്യത്തിലായിരുന്നു മറ്റു ജനാസ നമസ്കാരങ്ങൾ നിർവഹിക്കപ്പെട്ടത്. നബിതിരുമേനി(സ) പറഞ്ഞു: അല്ലാഹു ഇവരിലും ഇവർ അല്ലാഹുവിലും തൃപ്തിപ്പെട്ട കൂട്ടരാണിവർ. സുഖാവസരങ്ങളിൽ അവർ തങ്ങളുടെ സഹോദരന്മാരെ ഓർക്കുന്നവരായിരുന്നു. അവരുടെ ഗതകാലവസ്ഥകളെ മുന്നിൽ വെയ്ക്കുന്നവരായിരുന്നു. അല്ലാഹു ഇവരുടെ ദർജകൾ ഉയർത്തുമാറാകട്ടെ.

ഹദ്റത്ത് ഹംസയുടെ ശഹാദത്തിൽ കഅ്ബ് ബ്നു മാലിക് തന്റെ വിലാപ കാവ്യത്തിൽ ഇപ്രകാരം പറഞ്ഞു:

എന്റെ നയനങ്ങൾ കണ്ണീർ പൊഴിക്കുന്നു; ഹംസയുടെ മരണത്തിൽ കരയാനുള്ള അവകാശവും അവയ്ക്കുണ്ടല്ലോ; ദൈവത്തിന്റെ സിംഹമായ ആ മഹാത്മാവിന്റെ മരണത്തിൽ കരഞ്ഞു വിലപിച്ചിട്ടെന്തു കിട്ടാനാണ്? ദൈവത്തിന്റെ സിംഹമായ ഹംസ ശഹീദായ പകലിൽ അദ്ദേഹം ധീരനായ ശഹീദെന്ന് ലോകം വിളിച്ചു പറഞ്ഞു.

അല്ലാഹു ഈ സഹാബാക്കളുടെ പദവികൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. അവർ നിലനിർത്തിയ ത്യാഗങ്ങളെ മുസ്‌ലിംകൾ ലോകം നിലനില്ക്കുവോളം സ്മരിക്കുമാറാകട്ടെ. അവർ സ്ഥാപിച്ച നന്മകളുടെ മാതൃകകളെ പ്രവൃത്തിപഥത്തിൽ കൊണ്ടു വരാനുള്ള തൗഫീഖും ലഭിക്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 04.05.18
Malayalam Translation : **Moulvi Arif Mohammad,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516